II ഇ.ബി. XII- കേരള നിയമസഭ/XIV-5

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 8, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

14(*121) സഹകരണവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ്

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോൾത്തന്നെ സ്വകാര്യ സ്ഥാപനങ്ങളിൽ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള ഫീസാണ് ഈടാക്കുന്നതെന്ന് സഭയെ അറിയിച്ചു. കോ-ഓപ്പറേറ്റീവ് സെക്ടർ ഉൾപ്പെടെയുള്ള പബ്ലിക് സെക്ടർ-സ്വാശ്രയ പ്രൊഫഷണൽ കോളേജു കളിലെല്ലാം ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റി നിശ്ചയിച്ച ഫീസാണ് നിലവിലുള്ളത്. സഹകരണ പ്രൊഫഷണൽ കോളേജുകളിലെ 50 ശതമാനം സീറ്റിൽ ഗവൺമെന്റ് ഫീസാണ് ഈടാക്കുന്നത്. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകളിലെ ഫീസ് കുറയ്ക്കാൻവേണ്ടി നിയമിച്ച കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില പ്രധാന മേഖലകളിലെ ഫീസ് 25 ശതമാനംവരെ

കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എല്ലാ പ്രൊഫഷണൽ കോളേജുകളിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10 ശതമാനം കുട്ടികളെ സൗജന്യമായി പഠിപ്പിക്കാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. ഇപ്പോൾത്തന്നെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സഹകരണ പ്രൊഫഷണൽ കോളേജുകളിൽ ഫീസ് കുറവാണ്. ഗവൺമെന്റ് സബ്സിഡി ലഭ്യമായാൽ ഫീസ് ഇനിയും കുറയ്ക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്. എൻ.ആർ.ഐ-കളിൽ നിന്നും കൂടുതൽ ഫീസ് ഈടാക്കുന്നത് കുറയ്ക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന കോളേജുകളിൽ പ്രൊഫഷണൽ വിഭാഗത്തിലുള്ളവ പ്രധാനമായും കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (CAPE) കീഴിലാണുള്ളതെന്നും അവയുടെ ധനാഗമ മാർഗ്ഗങ്ങളും ചെലവുകളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച സഹകരണസംഘം രജിസ്ട്രാർ ചെയർപേഴ്സണായുള്ള ഉന്നതതല കമ്മീഷനോട് കേപ്പിന് അധിക ബാദ്ധ്യത ഉണ്ടാകാതെ വിദ്യാർത്ഥികൾക്ക് സ്വകാര്യമേഖലയേക്കാൾ ഫീസ് കുറച്ച് പഠന സൗകര്യങ്ങൾ മെച്ചമാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. 'സഹകരണ നവരത്നം കേരളീയം' എന്ന ഒൻപതിന കർമ്മപരിപാടിയിലെ 'സഹകരണം വിദ്യാഭ്യാസം കേരളീയം' പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും നൂതന കോഴ്സുകൾ അടങ്ങിയ ഓരോ പ്രൊഫഷണൽ കോളേജുകൾ തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം

ഇതിനകംതന്നെ 10 പ്രൊഫഷണൽ കോളേജുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരത്തെ നെയ്യാറ്റിൻകരയിൽ സംസ്ഥാന സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ എം.ബി.എ., എം.സി.എ. കോഴ്സുകൾ ഉള്ള കോളേജ്, കേപ്പിന്റെ ആഭിമുഖ്യത്തിൽ പുന്നപ്രയിൽ എഞ്ചിനീയറിംഗ് കോളേജ്, എം.ബി.എ. കോളേജ്, ഫിനിഷിംഗ് സ്കൂൾ, കൊച്ചിയിൽ കേപ്പിന്റെ കീഴിൽ നേഴ്സിംഗ് കോളേജ്, പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽ നേഴ്സിംഗ് കോളേജ്, തലശ്ശേരി സഹകരണ ആശുപത്രി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ എം.എസ്.സി. നേഴ്സിംഗ് കോഴ്സ്, സംസ്ഥാന ബാങ്കിന്റെ ആഭിമുഖ്യത്തിൽ മൺവിളയിൽ എംബി.എ. കോളേജ് എന്നിവ ഇതിൽ ചിലതാണ്. 2010-11 വിദ്യാഭ്യാസ വർഷത്തിൽ കേപ്പിന്റെ കീഴിൽ വടക്കൻ പരവൂരിൽ ഒരു മാനേജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ടും ആറൻമുളയിലും പത്തനാപുരത്തും ഓരോ എഞ്ചിനീയറിംഗ് കോളേജും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ 'ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്' എന്ന പേരിൽ റീട്ടെയിൽ മാനേജ്മെന്റ് കോഴ്സുകൾ പഠിപ്പിക്കുന്ന സ്ഥാപനം എറണാകുളത്തും ഫാർമസി സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്ന ഫാർമസി സ്കൂൾ കണ്ണൂർ ജില്ലയിലെ മാത്തിലിലും ആരംഭിക്കാൻ ആലോചിക്കുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു. കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ കോളേജുകളുടെ പഠനനിലവാരം മെച്ചപ്പെട്ടതാണ്. എൻജിനീയറിംഗ്-മെഡിക്കൽ ഫാക്കൽറ്റികളുടേയും ഓഫീസ് ജീവനക്കാരുടേയും ശമ്പള പരിഷ്ക്കരണം താമസിയാതെ നടപ്പിലാക്കുന്നതാണ്. കേപ്പിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് കേരളത്തിലെ സഹകരണ

പ്രൊഫഷണൽ കോളേജുകളിൽ മൊത്തത്തിൽ 100 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുള്ള അനുവാദം കൊടുക്കാറുണ്ട്. കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിലും പരിയാരം മെഡിക്കൽ കോളേജിലും നിരവധി പാരാ മെഡിക്കൽ കോഴ്സുകൾ നടന്നുകൊണ്ടിരിക്കുകയാണ്. പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിന് സഹകാരികൾ തയ്യാറാണെങ്കിൽ മാറനെല്ലൂർ പഞ്ചായത്തിലെ കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് എൻജിനീയറിംഗ് കോളേജും കൊല്ലം ജില്ലയിൽ സ്വാശ്രയ മെഡിക്കൽ കോളേജും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പുതിയ ബഡ്ജറ്റിലേത് അടക്കം മൊത്തം 10 കോടി രൂപയുടെ സാമ്പത്തിക സഹായം സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും ഫിനിഷിംഗ് സ്കൂളുകൾ വ്യാപകമാക്കുന്നതിനെപ്പറ്റി പരിശോധിക്കുന്നതാണെന്നും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പ്രദേശങ്ങളിൽ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ മുൻഗണ നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

15 (*122) <u>വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള വ്യവസ്ഥകൾ</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി സർവ്വീസ് കണക്ഷൻ നടപടികൾ ലഘൂകരിക്കുകയും 56 പേജുണ്ടായിരുന്ന സർവ്വീസ് കണക്ഷൻ അപേക്ഷാഫാറം 2 പേജാക്കുകയും

പുതിയ സർവ്വീസ് കണക്ഷൻ അപേക്ഷയോടൊപ്പം ഒടുക്കേണ്ട കരുതൽ തുക ഏകീകരിക്കുകയും എൽ.റ്റി സർവ്വീസ് കണക്ഷൻ അപേക്ഷകർ മുദ്രപ്പത്രത്തിൽ ഉടമ്പടി വയ്ക്കണമെന്ന നിബന്ധന ഒഴിവാക്കുകയും പ്രത്യേക മുൻഗണന ലഭിക്കാൻ അർഹതയുള്ളവർക്ക് (ഓവർഹെഡ് ലൈൻ വലിക്കേണ്ടത് ഉൾപ്പെടെ) കണക്ഷൻ അപേക്ഷയോടൊപ്പം തന്നെ പ്രത്യേക മുൻഗണനയ്ക്കുള്ള അപേക്ഷയും നൽകാവുന്നതാണെന്ന് തീരുമാനിക്കുകയും ഒരു കെട്ടിടത്തിൽ പ്രത്യേക കെട്ടിട നമ്പർ ഇല്ലാതെ തന്നെ വിഭിന്നമായ ആവശ്യങ്ങൾക്കായി HT/LT ഉൾപ്പെടെ പ്രത്യേകം പ്രത്യേകം കണക്ഷനുകൾ നിബന്ധനകളോടെ അനുവദിക്കാൻ തീരുമാനിക്കുകയും പുതിയ കണക്ഷനുകൾ എടുക്കുമ്പോഴും അധിക ലോഡ് ആവശ്യമുള്ളപ്പോഴും പവർ അലോക്കേഷൻ ആവശ്യമാണെന്ന നിബന്ധന പിൻവലിക്കുകയും പവർ അലോക്കേഷൻ പ്രോസസ്സിംഗ് ഫീ ഒഴിവാക്കുകയും HT വർക്കുകൾ ആവശ്യമുള്ള സർവ്വീസ് കണക്ഷനുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും കണക്ഷനുകൾ 60 ദിവസത്തിനുള്ളിൽ നൽകാൻ തീരുമാനിക്കുകയും വൈദ്യുതി കണക്ഷൻ ലഭിക്കാനാവശ്യമായ വൈദ്യുത ലൈനുകളും പ്ളാന്റുകളും നിർമ്മിച്ച് നൽകാൻ താൽപ്പര്യപ്പെടുന്ന ഉപഭോക്താക്കൾക്ക് അതിന് അനുവാദം നൽകാനും ഉപഭോക്താവിന് പണികൾ മാത്രം ചെയ്യുവാൻ അനുമതി നൽകാനും സമ്പൂർണ്ണ വൈദ്യുതീകരണം നടക്കുന്ന പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റസലൂഷന്റെ അടിസ്ഥാനത്തിലും തീരപ്രദേശങ്ങളിൽ റേഷൻ കാർഡിന്റേയും തിരിച്ചറിയൽ കാർഡിന്റേയും അടിസ്ഥാനത്തിലും ഗാർഹിക വൈദ്യുത കണക്ഷൻ നൽകാനും

തീരുമാനിച്ചു. ബോർഡിന്റെ പൊതുവായ നിബന്ധനകൾക്ക് അനുസൃതമായി അപേക്ഷകന് ട്രാൻസ്ഫോർമർ, പോസ്റ്റുകൾ, ലൈൻ നിർമ്മാണ വസ്തുക്കൾ എന്നിവ ഉൾപ്പെടെ വൈദ്യുതി കണക്ഷൻ നൽകാനാവശ്യമായ എല്ലാ ഉപകരണങ്ങളും എത്തിച്ച് ബോർഡിന്റെ മേൽനോട്ടത്തിൽ പണി പൂർത്തീകരിക്കുകയോ അല്ലെങ്കിൽ പണി പൂർത്തിയാക്കാനാവശ്യമായ സാധനങ്ങൾ മാത്രം എത്തിച്ചു തരികയോ അതും അല്ലെങ്കിൽ പണി മാത്രമായി ഏറ്റെടുത്ത് പൂർത്തീകരിക്കുവാനോ ഉള്ള അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം ബോർഡ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അപേക്ഷകൻ ലൈനുകളും പോസ്റ്റുകളും നിർമ്മിച്ച് നൽകുമ്പോൾ നിയമം നിഷ്കർഷിക്കുന്ന 10 ശതമാനം നിരക്കിൽ സൂപ്പർവിഷൻ ചാർജ്ജ് അടയ്ക്കേണ്ടതുണ്ട്. സംസ്ഥാനത്ത് കോൺക്രീറ്റ് പോസ്റ്റുകൾക്ക് ക്ഷാമം നേരിടുന്നുണ്ട്. കാസറഗോഡ്, ശ്രീകണ്ഠപുരം, കൽപ്പറ്റ, കോഴിക്കോട്, തിരൂർ, മഞ്ചേരി, ആലപ്പുഴ, തൊടുപുഴ, തൃശ്ശൂർ, എറണാകുളം എന്നീ സർക്കിളുകളിലാണ് കോൺക്രീറ്റ് പോസ്റ്റുകളുടെ ക്ഷാമം പ്രധാനമായും അനുഭവപ്പെടുന്നതെന്നും മന്ത്രി അറിയിച്ചു. കോൺക്രീറ്റ് പോസ്റ്റുകൾ നിർമ്മിച്ചുകൊണ്ടിരുന്ന ചൂലിശ്ശേരി യാർഡിന്റെ പ്രവർത്തനം പുനരാരംഭിക്കാനും ഏറ്റുമാനൂരിലും മാനന്തവാടിയിലും രണ്ട് പുതിയ യാർഡുകൾ ആരംഭിക്കാനും പഴയ പോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കോൺക്രീറ്റ് പോസ്റ്റ് നിർമ്മാണത്തിന് ജനകീയാസൂത്രണ പദ്ധതിയിൻ കീഴിലുള്ള ഗുണഭോക്തൃ സമിതികൾ മുന്നോട്ടുവന്നാൽ അനുവാദം കൊടുക്കുന്ന കാര്യവും എസ്.എസ്.ഐ. യൂണിറ്റുകൾക്ക് ഒ.വൈ.ഇ.സി. അടയ്ക്കാതെ വൈദ്യുതി കണക്ഷൻ നൽകുന്ന കാര്യവും പരിശോധിക്കാവുന്നതാണ്. ഈ

ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കുടിശ്ശികയുണ്ടായിരുന്ന വൈദ്യുതി കണക്ഷനുകൾ മുഴുവൻ കൊടുത്തുതീർക്കുകയും 17 ലക്ഷം പുതിയ കണക്ഷനുകൾ കൊടുക്കുകയും ചെയ്തു. ഇപ്പോൾ പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഔട്ട് ഓഫ് ടേൺ പ്രയോറിറ്റിയിൽ കണക്ഷൻ കൊടുക്കുകയാണ്. ലക്ഷം വീട് കോളനികളിലുള്ളവർക്കും ഗൃഹനാഥയുടെ പേരിൽ സി.ഡി. അടച്ചിട്ടുള്ളവർക്കും വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. ദേശീയതലത്തിലുണ്ടായിട്ടുള്ള താപപ്രതിസന്ധിയുടെ ഭാഗമായി കേന്ദ്രഗവൺമെന്റ് സംസ്ഥാനങ്ങൾക്കുള്ള വൈദ്യുതി വിഹിതം കുറച്ചതുകൊണ്ട് കേരളത്തിന്റേയും വിഹിതം കുറഞ്ഞിട്ടുണ്ട്. വൈദ്യുതിയുടെ ഉപഭോഗം വളരെയധികം കൂടുന്നതിനാൽ അമിത വിലകൊടുത്ത് വൈദ്യുതി പുറത്തുനിന്ന് വാങ്ങേണ്ടി വരുന്നുണ്ടെങ്കിലും ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്താതെ മുന്നോട്ടു പോകുകയാണ്. ഉപഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണുന്നതിന് മോഡൽ സെക്ഷനുകളുടെ പ്രവർത്തനം സഹായകര മായിട്ടുണ്ട്. വൈദ്യുതി തടസ്സങ്ങളും മറ്റ് പ്രശ്നങ്ങളും പരിഹരിക്കുന്നതിന് വാഹനം ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഫ്രണ്ട് ഓഫീസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. 28 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കുകയും 107 മണ്ഡലങ്ങളിൽ അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. മലയോരപ്രദേശങ്ങളിലും ആദിവാസി മേഖലകളിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രഖ്യാപിച്ചിട്ടുള്ള 1 കോടി രൂപയേക്കാൾ കൂടുതൽ തുക കൊടുത്തിട്ടുണ്ട്. ആർ.ജി.ജി.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തി കോഴിക്കോട്, കണ്ണൂർ ഉൾപ്പെടെയുള്ള മലബാറിലെ ജില്ലകളിൽ സമ്പൂർണ്ണ

വൈദ്യുതീകരണം പ്രാവർത്തികമാക്കുന്നതാണ്. വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും ഇതിലേയ്ക്കായി 72 സബ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 12,600-ഓളം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും വിൻഡ് എനർജിയിൽനിന്നും 33 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

16(*123) <u>അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സഹായം</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരമേൽക്കുമ്പോൾ അടഞ്ഞു കിടന്നിരുന്ന 22 തേയിലത്തോട്ടങ്ങളിൽ 5 എണ്ണം തുറക്കുവാനുണ്ടെന്ന് സഭയെ അറിയിച്ചു. 19-06-2007-ലെ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ കുടിവെള്ളവും വൈദ്യുതിയും വിതരണ പദ്ധതി പുന:സ്ഥാപിക്കുന്നതിനായി 298 ലക്ഷം രൂപ അനുവദിച്ചതിൽ 224 ലക്ഷം രൂപ ചെലവഴിച്ച് 31 ചെറുകിട ജലസേചന പദ്ധതികളിലൂടെ കേരള വാട്ടർ അതോറിറ്റിയും 74 ലക്ഷം രൂപ ചെലവഴിച്ച് വൈദ്യുതി ബോർഡും പദ്ധതി നടപ്പാക്കിവരുന്നു. ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ ഇടുക്കി ജില്ലാ കളക്ടർ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അടഞ്ഞുകിടക്കുന്ന തോട്ട ങ്ങളിലെ തൊഴിലാളി കുടുംബങ്ങൾക്ക് ആഴ്ചയിൽ 5 കിലോഗ്രാം അരി വീതം സൗജന്യ റേഷൻ നൽകിവരുന്ന പദ്ധതി 31-03-2010 വരെ ദീർഘിപ്പി ച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരി താശ്വാസ നിധിയിൽ നിന്നാണ് മുമ്പ് ഇതിനുള്ള തുക കണ്ടെത്തിയിരു

ന്നതെങ്കിൽ  ഇപ്പോൾ ഈ പദ്ധതി തൊഴിൽ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്.  പ്രസ്തുത പദ്ധതിക്കായി 27-03-2009-ലെ ഉത്തരവ് പ്രകാരം ഒരു കോടി രൂപയും 23/10/2009-ലെ  ഉത്തരവ് പ്രകാരം 22,65,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ചെറുകിട തോട്ടം തൊഴിലാളികൾക്ക് രണ്ട് രൂപ നിരക്കിൽ അരി വിതരണം ചെയ്യാനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിക്കും.  പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന മക്കൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്.  പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിനകത്തും പുറത്തും മെറിറ്റിൽ അഡ്മിഷൻ ലഭിക്കാത്ത സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന തോട്ടം തൊഴിലാളികളുടെ മക്കൾക്ക് 08-01-2010-ലെ ഉത്തരവ് പ്രകാരം എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് ബ്രാഞ്ചുകളിൽ പഠിക്കുന്നവർക്ക് 60,000/- രൂപ നിരക്കിലും ബി.എസ്.സി (നഴ്സിംഗ്)യ്ക്ക് പഠിക്കുന്നവർക്ക് 40,000/- രൂപ നിരക്കിലും ജനറൽ നഴ്സിംഗിന് പഠിക്കുന്നവർക്ക് -25,000/-രൂപ നിരക്കിലും പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 15,000/- രൂപ നിരക്കിലും ബി.എഡ്/പി.ജി/എൽ.എൽ.ബി.  കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 10,000/- രൂപ നിരക്കിലും റ്റി.റ്റി.സി. കോഴ്സിന് പഠിക്കുന്നവർക്ക് 5,000/- രൂപ നിരക്കിലും ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ മുഖേന ലേബർ കമ്മീഷണറാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.  പീരുമേട് താലൂക്കിലുള്ള ആർ.ബി.ടി.യുടെ ഒമ്പത് തോട്ടങ്ങളിൽ ആറെണ്ണം പോബ്സൺ വിലയ്ക്ക്

വാങ്ങിയിട്ടുണ്ട്. മൂന്ന് തോട്ടങ്ങളുടെ കാര്യത്തിൽ ചില കൂടിയാലോചനകൾ നടന്നുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള ടി.ആർ.ബി. സ്വാമിയുടെ വക രണ്ട് തോട്ടങ്ങൾ തുറക്കാനുള്ള എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടിരിക്കുകയാണ്. കാർഷിക പരിഷ്ക്കരണ നിയമമനുസരിച്ച് ആവശ്യമായ നിയമ ഭേദഗതി കൊണ്ടുവന്ന് ആ തോട്ടങ്ങൾ ഗവൺമെന്റിൽ നിക്ഷിപ്തമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ വർഷമാണ് ചെറുകിട തോട്ടം തൊഴിലാളി ക്ഷേമപദ്ധതി പ്രാബല്യത്തിൽ വന്നതെന്നും പതിനായിരം തൊഴിലാളികൾ അതിൽ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1078 മുതൽ 1352 വരെയുള്ള ചോദ്യങ്ങളിൽ 226 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)